പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4260 — 13.12. 2018 ൽ മറുപടിക്ക്

# വൈദ്യുതി സബ്സിഡി

**ചോദ്യം**

ശ്രീ. സി.മമ്മൂട്ടി
" എൻ.ഷംസുദ്ദീൻ
" മഞ്ഞളാംകുഴി അലി.
" കെ.എൻ.എ.ഖാദർ

**ഉത്തരം**

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സാധാരണക്കാർക്ക് നിലവിൽ നൽകിവരുന്ന വൈദ്യുതി സബ്സിഡി കുറയ്ക്കണമെന്നും സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകണമെന്നും ഉള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;<br>(ബി) ഇപ്പോൾ നൽകിവരുന്ന ക്രോസ് സബ്സിഡി നിരക്ക് താഴ്ത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ & ബി) ഇല്ല. എന്നാൽ 2003 – ലെ വൈദ്യുതി നിയമത്തിൽ, 2007 – ൽ 61 (ജി) എന്ന വകുപ്പിൽ വരുത്തിയ ഭേദഗതി പ്രകാരം, വൈദ്യുതി താരിഫ്, വൈദ്യുതി നൽകുന്നതിനുള്ള യഥാർത്ഥ ചെലവ് (A Cos) പ്രതിഫലിക്കത്തക്കവിധവും ക്രോസ് സബ്സിഡി കുറയത്തക്കവിധവും അതതു കമ്മീഷൻ നിശ്ചയിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച താരിഫ് നയത്തിൽ, വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ്, ശരാശരി ചെലവിന്റെ ± 20% - നുള്ളിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗരേഖ, അതത് കമ്മീഷൻ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശമുണ്ട് (ഖണ്ഡിക 8.3).<br><br>കൂടാതെ, താരിഫ് പോളിസിയിലെ 30.05.2018 – ലെ കരട് നയ ഭേദഗതിയിൽ 01.04.2019 മുതൽ, ക്രോസ് സബ്സിഡികൾ ക്രമമായി കുറച്ച് ± 20% - നുള്ളിൽ എത്തുന്നത് ഉറപ്പാക്കണമെന്ന് പറയുന്നുണ്ട്. കൂടാതെ 2016 – ലെ നയത്തിൽ വ്യവസ്ഥ ചെയ്യുന്ന ക്രോസ് സബ്സിഡിയെ അപേക്ഷിച്ച് നേരിട്ടുള്ള സബ്സിഡിയാണ് മെച്ചമെന്ന് അതേ കരട് ഭേദഗതിയിൽ [ഖണ്ഡിക 8.3 A(10)] പറയുന്നുണ്ട്. സംസ്ഥാന സർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന സബ്സിഡി അതതു വിഭാഗം ഉപഭോക്താവിന് നേരിട്ട് കൈമാറ്റം ചെയ്യുന്ന സമ്പ്രദായം (Direct Benefit Transfer Scheme) വഴി വേണമെന്നും പ്രസ്തുത ഭേദഗതിയിൽ പറയുന്നുണ്ട്.<br><br>എന്നാൽ 2003 – ലെ വൈദ്യുതി നിയമത്തിന് വിരുദ്ധമായതിനാലും, വിവിധ വിഭാഗങ്ങൾ തമ്മിലുള്ള (Inter class) ക്രോസ് സബ്സിഡി കുറവു വരുത്തുവാൻ കഴിയാത്തതിനാലും, |

| | |
|---|---|
| (സി) സാധാരണക്കാരായ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ഗാർഹിക ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമെന്നതിനാലും, ഈ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്<br>(സി) സംസ്ഥാനത്തെ ഭൂരിഭാഗം വരുന്ന ഗാർഹിക ഉപഭോക്താക്കളെയും, താരിഫ് പോളിസിയിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ ദോഷകരമായി ബാധിക്കുമെന്നതിനാൽ, അത് നീക്കം ചെയ്യണമെന്ന്, സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ